LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

113 (2932) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ആകെ എത്ര ഭൂമി ഏറ്റെടുക്കുവാനാണ് വിജ്ഞാപനം ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര ഘട്ടമായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടെന്നും ഓരോ വിജ്ഞാപനവും പുറപ്പെടുവിച്ചതെന്നാണെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ വിജ്ഞാപന പ്രകാരവും ഇതിനോടകം എത്ര ഭൂമി ഏറ്റെടുക്കുകയുണ്ടായെന്നും ആകെ എത്ര നഷ്ടപരിഹാരം നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ ;

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി 2011 മേയ് മാസത്തിനുശേഷം ആകെ എത്ര ഭൂമി ഏറ്റെടുത്തുവെന്നും എത്ര തുക നഷ്ടപരിഹാരമായി നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുവേണ്ടി 297.03.157 ഏക്കർ ഭൂമി ഏറ്റെടുക്കുവാനാണ് നാളിതുവരെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) രണ്ട് ഘട്ടങ്ങളിലായാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

ഒന്ന് - 12-3-2010-ൽ

രണ്ട് - 28-7-2010-ൽ

(സി) ഒന്നാം ഘട്ടത്തിലെ വിജ്ഞാപന പ്രകാരമുള്ളതിൽ നിന്നും 108.55.910 ഏക്കർ ഏറ്റെടുത്തു.

രണ്ടാം ഘട്ടത്തിൽപ്പെട്ടതിൽനിന്നും 98.31.516 ഏക്കർ ഏറ്റെടുത്തു.

ആകെ നൽകിയ നഷ്ടപരിഹാരം 524,41,70,138 രൂപ.

(ഡി) 2011 മേയ് മാസത്തിനുശേഷം 172.31.896 ഏക്കർ ഭൂമി ഏറ്റെടുത്തു. 430,08,38,712 രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായി.